## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2674 10.12.2014 - ൽ മറുപടിയ്ക്ക്

**ആലപ്പുഴ മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ കുറവ്**

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ: | മറുപടി<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ ഡോക്ടർമാരുടെ അനുവദനീയമായ തസ്തികകൾ എത്ര; നിലവിലുള്ളവർ എത്ര, ഒഴിവുകളെത്ര ; | അനുവദനീയമായ തസ്തികകൾ - 262<br>നിലവിലുള്ളവർ - 212<br>ഒഴിവുകൾ - 50 |
| (ബി) വർക്കിംഗ് അറേഞ്ച്മെന്റ്, അദർ ഡ്യൂട്ടി, അക്കോമഡേഷൻ എന്നീ വിഭാഗങ്ങളിലായി ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നും മറ്റ് മെഡിക്കൽ കോളേജുകളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർ എത്ര; വിശദാംശം നൽകുമോ ; | പത്തോളജി വിഭാഗത്തിൽ നിന്നും അസോസിയേറ്റ് പ്രൊഫസർ ആയ ഡോ. ജി. നന്ദകുമാർ വർക്കിംഗ് അറേഞ്ച്മെന്റിൽ തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ജോലി ചെയ്യുന്നു.<br><br>ആലപ്പുഴ മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ലാൽചന്ദ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫിസിയോളജി ഡിപ്പാർട്ട്മെന്റിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നു.<br><br>ആലപ്പുഴ മെഡിക്കൽ കോളേജിലെ ഓഫ്ത്താൽമോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ.ജാസ്മിൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫിസിയോളജിയിൽ അക്കോമഡേഷനിൽ ജോലി ചെയ്യുന്നു.<br><br>ഡോ. ഷീല ബാലകൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഗൈനക് വിഭാഗം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫോറൻസിക് വിഭാഗത്തിൽ അക്കോമഡേറ്റ് ചെയ്തിരിക്കുന്നു.<br><br>ഡോ . ജയപ്രഭ, അസിസ്റ്റന്റ് പ്രൊഫസർ, ഇ.എൻ.റ്റി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ബയോകെമിസ്ട്രി വിഭാഗത്തിൽ അക്കോമഡേറ്റ് ചെയ്തിരിക്കുന്നു. |

| | |
|---|---|
| (സി) വർക്കിംഗ് അറേഞ്ച്മെന്റ്, അദർ ഡ്യൂട്ടി, അക്കോമഡേഷൻ എന്നീ വിഭാഗങ്ങളിൽപ്പെടുത്തി ആലപ്പുഴ മെഡിക്കൽ കോളേജിൽ ജോലി ചെയ്യുന്നവർ എത്ര; വിശദാംശം നൽകുമോ ; | തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം അസോസിയേറ്റ് പ്രൊഫസറായ ഡോ . എൻ.ശശികലയ്ക്ക് ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ 05.11.2014 ലെ ജി.ഒ.(ആർ.റ്റി.) നം.3581/14/എച്ച്&എഫ്.ഡബ്ല്യൂ.ഡി സർക്കാർ ഉത്തരവ് മുഖേന അക്കോമഡേഷൻ നൽകിയിട്ടുണ്ട് . |
| (ഡി) പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിലേയ്ക്ക് ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നും എത്ര ഡോക്ടർമാരെ സ്ഥലംമാറ്റം നൽകി നിയമിച്ചു ; വ്യക്തമാക്കാമോ.; | പത്തോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ആയിരുന്ന ഡോ . സ്വരൂപ സൂസൻ കുര്യനെ സ്ഥലം മാറ്റം മുഖേനയും ബയോകെമിസ്ട്രി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ആയിരുന്ന ഡോ. കൈലാസനാഥനെ പ്രൊഫസറായി സ്ഥാനക്കയറ്റം നൽകിയും ഇടുക്കി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിയമിച്ചിട്ടുണ്ട് .<br>ഗൈനക് വിഭാഗത്തിലെ സീനിയർ ലക്ചററായ ഡോ. സിമി. ജെ., പീഡിയാട്രിക് അസിസ്റ്റന്റ് പ്രൊഫസറായ ഡോ. അജിത് കൃഷ്ണൻ എന്നിവരെ മഞ്ചേരിയിലേയ്ക്കും സ്ഥലം മാറ്റിയിട്ടുണ്ട്. |
| (ഇ) ആലപ്പുഴ മെഡിക്കൽ കോളേജ് ഒ.പി. യിൽ ഒരു ദിവസം എത്തുന്ന ശരാശരി രോഗികൾ എത്ര; | 2000 |
| (എഫ്)ആലപ്പുഴ മെഡിക്കൽ കോളേജിൽ വിവിധ വിഭാഗങ്ങളിലായി കിടത്തി ചികിത്സ നൽകാൻ കഴിയുന്ന രോഗികളുടെ എണ്ണം എത്ര ; | 1051 |
| (ജി) ഒ . പി.യിലും കിടത്തി ചികിത്സയ്ക്കുമായി എത്തിച്ചേരുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡോക്ടർമാരുടെ എണ്ണം ആലപ്പുഴ മെഡിക്കൽ കോളേജിൽ ലഭ്യമാണോ ; രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ; നിലവിൽ ഒഴിവുള്ള തസ്തികകളിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ? | ഇല്ല . നിലവിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ